<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6487 | 03/04/2018-ലെ മറുപടി

## മട്ടന്നൂർ - ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മട്ടന്നൂർ - ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മട്ടന്നൂർ, ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 4 പാക്കേജുകളായി തിരിച്ചാണ് പ്രവൃത്തി ഏർപ്പാട് ചെയ്യുന്നത്. ഇതിൽ ഒന്നാമത്തെ പാക്കേജിൽ കിണർ, പമ്പ്ഹൗസ്, പമ്പിങ്ങ് മെയിൻ, പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയാണ് പ്രധാന ഘടകങ്ങൾ. രണ്ടാമത്തെ പാക്കേജിൽ ശുദ്ധീകരണശാല, ശുദ്ധജലസംഭരണികൾ എന്നിവയാണ് പ്രധാന ഘടകങ്ങൾ. മൂന്നാമത്തെ പാക്കേജിൽ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലേക്കുള്ള 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി, പ്രസ്തുത ജലസംഭരണിയിലേക്കുള്ള ഗ്രാവിറ്റി മെയിൻ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഒന്നും രണ്ടും പാക്കേജുകളുടെ പ്രവൃത്തി ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. മൂന്നാമത്തെ പാക്കേജിന്റെ പ്രവൃത്തി ഈ മാസം തന്നെ ആരംഭിക്കുന്നതാണ്. നാലാമത്തെ പാക്കേജിൽ ഇരിട്ടി മുനിസിപ്പാലിറ്റിക്കു വേണ്ടിയുള്ള ജലസംഭരണി, മഞ്ച കോളനി പ്രദേശത്തുള്ള ജലസംഭരണി, പ്രസ്തുത ജല സംഭരണികളിലേക്ക് വെള്ളമെത്തിക്കുന്നതിനുള്ള പൈപ്പലൈനുകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇരിട്ടിക്കുള്ള ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലാൻറ് അക്വിസിഷൻ തഹസിൽദാർ ആവശ്യപ്പെട്ട കണ്ടിൻജെൻസി ചാർജ് അനുവദിച്ചിട്ടുണ്ട്. എന്നാൽ തഹസിൽദാർ ആവശ്യപ്പെട്ട എസ്റ്റാബ്ലിഷ്മെൻറ് ചാർജ് കിഫ്ബിയിൽ നിന്നും അനുവദിക്കുന്നില്ല, അതിനാൽ നോട്ടിഫിക്കേഷൻ നടപടി ആരംഭിച്ചിട്ടില്ല. മഞ്ച കോളനിക്കുള്ള ജലസംഭരണിക്ക് വേണ്ട സ്ഥലം മട്ടന്നൂർ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് കൈമാറാമെന്ന് സമ്മതിച്ചിരുന്നുവെങ്കിലും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാൽ പാക്കേജ് 4 ന്റെ ദർഘാസ് നടപടികൾ ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിലുള്ള സ്ഥലം, കനാൽ റോഡ്, കനാൽ ബാങ്ക് എന്നിവയിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതിക്കായി കേരള ജല അതോറിറ്റിയുടെ മട്ടന്നൂർ പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഴശ്ശി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ അപേക്ഷയിൽ തീരുമാനമെടുത്ത് അനുമതി നൽകിയിട്ടുണ്ടോ; | (ബിയും സി)യും | ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ (പ്രോജക്ട് I) പരിശോധിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇത്തരം ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ അനുമതി നൽകുവാനുള്ള അധികാരം പഴശ്ശി പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി നൽകുവാൻ നടപടി സ്വീകരിക്കുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ